**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 511** **10-07-2024 - ൽ മറുപടിയ്ക്ക്**

**ജൈവ വൈവിധ്യ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംരക്ഷിത പ്രദേശങ്ങളായി പരിപാലിക്കപ്പെടുന്ന വനമേഖലകളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ ആകെ വനപ്രദേശം 11531.139 ച.കി.മീ ആണ്. അതിൽ സംരക്ഷിത പ്രദേശങ്ങളായി (Reserved Forest) പരിപാലിക്കപ്പെടുന്ന വനമേഖലകളുടെ ആകെ വിസ്തൃതി 6442.737 ച.കി.മീറ്ററും, പരിരക്ഷിത പ്രദേശമായി (Protected Area) പരിപാലിക്കുന്ന വനമേഖലയുടെ ആകെ വിസ്തൃതി 3066.184 ച.കി.മീറ്ററും ആണ്. |
| (ബി) | ജൈവ വൈവിധ്യ സംരക്ഷണത്തിനുള്ള പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ജൈവവൈവിധ്യസംരക്ഷണത്തിനായി വനം വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>• ഇക്കോറെസ്റ്റോറേഷൻ പദ്ധതി മുഖേന വിവിധ തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ.<br>• ഗ്രീൻ ഇൻഡ്യ മിഷൻ പോലുള്ള പദ്ധതികൾ മുഖേന പ്രക്ഷീണ വനങ്ങളെ കണ്ടെത്തി പരിപാലിക്കൽ.<br>• ജലസംരക്ഷണത്തിനായി വനത്തിനുള്ളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ സ്ഥാപിക്കൽ.<br>• കാട്ടുതീ പ്രതിരോധ പ്രവർത്തനം.<br>• വനാതിർത്തി പുനർനിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കൽ.<br>• മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ.<br>• ഫീൽഡ് പട്രോളിംഗ്.<br>• വനം കൈയ്യേറ്റം തടയൽ.<br>• വന്യജീവികളുടെ കണക്കെടുപ്പും, പരിപാലനവും.<br><br>വനങ്ങൾ സംരക്ഷിക്കുന്നതിനായി അധിനിവേശ സസ്യങ്ങൾ നിർമ്മാർജ്ജനം ചെയ്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം ചെയ്യുന്നതോടൊപ്പം നിലവിലുള്ള ചെറുതടയണകളും ബ്രഷ്‌വുഡ് തടയണ-കളും ചെറുകുളങ്ങളും നീർച്ചാലുകളും ഫണ്ട് ലഭ്യതയ്ക്കനു-സരിച്ച് അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിച്ചുവ- |

| | | | |
|---|---|---|---|
| | | | രുന്നുണ്ട്. സൂക്ഷ്മനീർച്ചാലുകൾ, മണ്ണ്-ജല സംരക്ഷണത്തിനായി യോജ്യമായ ഇടങ്ങളിൽ ഗള്ളി പ്ലഗിംങ് എന്നിവയും ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് നടത്തിവരുന്നു.<br><br>വനസംരക്ഷണത്തിനും പരിപാലനത്തിനുമായി ദിവസേനയുള്ള ഫീൽഡ് പരിശോധനകളും പ്രത്യേക ഇന്റീരിയർ ക്യാമ്പിംഗ് പരിശോധനകളും വാഹന പട്രോളിംഗും വനം കയ്യേറ്റം ചെറുക്കുന്നതിന് അതിർത്തി മേഖലകളിൽ പ്രത്യേക സംരക്ഷണപ്രവർത്തനങ്ങളും നടത്തിവരുന്നു. വനങ്ങളിലെ അനധികൃത കടന്നുകയറ്റവും കൈയ്യേറ്റവും തടയാൻ വനാതിർത്തികൾ ജണ്ട കെട്ടി സംരക്ഷിച്ചുവരുന്നു. |
| (സി) | ശോഷണം സംഭവിച്ച വനങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ശോഷണം സംഭവിച്ച വനങ്ങളുടെ സംരക്ഷണത്തിന് താഴെപറയുന്ന പദ്ധതികൾ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തേക്ക് തോട്ടങ്ങളിൽ സ്വാഭാവിക മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ CAMPA പദ്ധതി മുഖേന സ്വീകരിച്ചുവരുന്നു. കൂടാതെ ഗ്രീൻ ഇൻഡ്യ മിഷൻ പോലുള്ള പദ്ധതികൾ പ്രകാരം വൃക്ഷ തൈകൾ നട്ടുപിടിപ്പിച്ചുവരുന്നു. കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖ 17/12/2021 ലെ സ.ഉ.(കൈ) നം. 29/2021/വനം ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപനം നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതാണ്. ആയതിന്റെ പശ്ചാത്തലത്തിൽ 27,000 ഹെക്ടർ സ്ഥലത്തെ ഏകവിളത്തോട്ടങ്ങൾ രണ്ടു പതിറ്റാണ്ടു കൊണ്ട് ഇത്തരത്തിൽ വിവിധ ഘട്ടങ്ങളിലായി നീക്കം ചെയ്ത് സ്വാഭാവികവനം പുനഃസ്ഥാപിക്കാനാണ് നയരേഖയിൽ ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ജൈവവൈവിധ്യത്തിന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന ലെന്റാന, മൈക്കേനിയ, സെന്ന തുടങ്ങിയ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്ത് തൽസ്ഥാനത്ത് തദ്ദേശീയ സസ്യവർഗ്ഗങ്ങളെ വച്ചു പിടിപ്പിക്കുന്ന പദ്ധതി നടപ്പലാക്കി വരുന്നു. ആയത് സംബന്ധിച്ച വിശദാംശം പട്ടിക-1 ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | ജൈവ വൈവിധ്യ സംരക്ഷണത്തെ പ്രോത്സാഹിപ്പിക്കാൻ പ്രകൃതിമിത്ര അവാർഡ് | (ഡി) | ജൈവവൈവിധ്യസംരക്ഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി 'പ്രകൃതിമിത്ര' എന്ന പേരിൽ അവാർഡ് |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | | ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ജൈവവൈവിധ്യസംരക്ഷണമേഖലയിൽ ജില്ലാടിസ്ഥാനത്തിൽ മികച്ച പ്രവർത്തനം നടത്തുന്ന വ്യക്തികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, എൻ.ജി.ഒ, കർഷകർ എന്നിവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി വനം വകുപ്പ് 'വനമിത്ര' അവാർഡ് എല്ലാ വർഷവും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**പട്ടിക 1**

**സ്വാഭാവിക വനം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ**

| പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ച സ്ഥലങ്ങൾ | | | |
|---|---|---|---|
| **സർക്കിൾ** | **ഡിവിഷൻ** | **സ്ഥലം** | **വിസ്തീർണ്ണം (ഹെക്ടർ)** |
| സതേൺ സർക്കിൾ | തെന്മല | ചാലിയക്കര | 30.00 |
| | പുനലൂർ | ഇരുതോട്, വെരുകുഴി, കടമാൻകോട്, പൂവാലിക്കുഴി പ്രദേശങ്ങൾ | 24.00 |
| | കോന്നി | മുണ്ടോമൂഴി, ആദിച്ചൻപാറ, ഉട്ടുംബന്നൂർ, തലമാനം പ്രദേശങ്ങൾ | 41.00 |
| | അച്ചൻകോവിൽ | മൂന്നുമുക്ക്, പണ്ടാറപ്പാറ, മ്ലാന്തടം, കുരംപാറ, പത്താംമൈൽ, കമ്പിലൈൻ, ശവക്കോട്ട തുടങ്ങിയ പ്രദേശങ്ങൾ | 90.00 |
| | റാന്നി | ളാഹ, മണക്കയം, കുറമ്പൻമൂഴി, മേക്കാനം, മൺപിലാവ്, ഗുരുനാഥൻമണ്ണ്, അരയാഞ്ഞിലിമൺ തുടങ്ങിയ പ്രദേശങ്ങൾ | 50.00 |
| ഹൈറേഞ്ച് സർക്കിൾ | കോട്ടയം | കിളികുളം, കണ്ണിമല, കുളമാക്കൽ പ്രദേശങ്ങൾ | 14.00 |
| | കോതമംഗലം | കോതമംഗലം ഡിവിഷനിലെ വിവിധ റിസർവ് വന പ്രദേശങ്ങൾ | 50.00 |
| | മൂന്നാർ | വട്ടപ്പാറ, ഇഡ്ഡലിമൊട്ട, തീർത്ഥമല, തീർത്ഥമല ടോപ്പ്, മനില, പുതുക്കുടി കൈതച്ചാൽ-ഈട്ടിച്ചുവട് പ്രദേശങ്ങൾ | 53.22 |
| | മറയൂർ | അഞ്ചനാട്ടുപാറ, പോത്തടി പ്രദേശങ്ങൾ | 78.00 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | തൃശ്ശൂർ | ചെമ്പിക്കുന്ന് | 405.55 |
| | വാഴച്ചാൽ | വാഴച്ചാൽ ഡിവിഷനിലെ വിവിധ റിസർവ് വന പ്രദേശങ്ങൾ | 10.00 |
| | ചാലക്കുടി | ചാലക്കുടി ഡിവിഷനിലെ വിവിധ റിസർവ് വന പ്രദേശങ്ങൾ | 32.00 |
| നോർത്തേൺ സർക്കിൾ | കണ്ണൂർ | നെടുംപൊയിൽ സെക്ഷനിൽ 1960 തേക്ക് & സോഫ്റ്റ് വുഡ് തോട്ടം | 40.02 |
| | നോർത്ത് വയനാട് | അമ്പലക്കണ്ടി കക്കോലംകുന്ന് പന്നിമുക്കംതറ, എന്നീ പ്രദേശങ്ങൾ | 17.25 |
| | | തിരുനെല്ലി ഭാഗത്തു വൈദേശിക കള സസ്യമായ സെന്ന നീക്കം ചെയ്യൽ | 50.00 |

| | | | |
|---|---|---|---|
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | തിരുവനന്തപുരം വൈൽഡ് ലൈഫ് | തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിൽ വിവിധ സ്വാഭാവിക വന പ്രദേശങ്ങളിൽ | 50.00 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | പെരിയാർ ടൈഗർ റിസർവ്വ്/മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ | പെരിയാർ ടൈഗർ റിസർവ്വിലും, മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനുകളിലുമായി വിവിധ സ്വാഭാവിക വന പ്രദേശങ്ങളിൽ | 311.50 |
| ആകെ | | | 1346.54 |

| പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ നടന്നു വരുന്ന സ്ഥലങ്ങൾ | | | |
|---|---|---|---|
| **സർക്കിൾ** | **ഡിവിഷൻ** | **സ്ഥലം** | **വിസ്തീർണ്ണം (ഹെക്ടർ)** |
| സതേൺ സർക്കിൾ | തെന്മല | ചെമ്പഴികം, പേരംകോവിൽ, അണ്ടൂർ പച്ച പ്രദേശങ്ങൾ | 22.72 |
| | തിരുവനന്തപുരം | കുണ്ടളംകുഴി, ചൂലടി, മിൽപ്പാലം, കുട്ടപ്പാറ, അഞ്ചുമരുതിമൂട്, കോട്ടയപ്പൻ കാവ്, നെല്ലിക്കാപ്പാറ, ഉദിമൂട്, ആനപ്പെട്ടി, കുടവനാട് പ്രദേശങ്ങൾ. | 327.96 |
| | പുനലൂർ | കുറവൻതാവളം | 62.78 |
| ഹൈറേഞ്ച് സർക്കിൾ | മറയൂർ | പോത്തടി | 30.00 |
| | കോട്ടയം | കുളമാവ്, എരുമേലി/നഗരംപാറ റെയിഞ്ച് പരിധിയിലുള്ള HNL ക്യാപ്റ്റീവ് പ്ലാന്റേഷൻ പ്രദേശങ്ങൾ | 458.02 |
| സെൻട്രൽ സർക്കിൾ | വാഴച്ചാൽ | 1997 തേക്ക്തോട്ടം ആതിരപ്പള്ളി 15-ാം ബ്ലോക്ക് | 20.9 |
| | തൃശ്ശൂർ | വടക്കാഞ്ചേരി റെയിഞ്ചിൽ കോട്ടമ്പത്തൂർ, കുട്ടി മരുത്, ചിറ്റണ്ട, തിച്ചൂർ | 212.00 |
| ഈസ്റ്റേൺ സർക്കിൾ, | നെന്മാറ | വെള്ളാരം കടവ്, ചെമ്മണാം പതി, ചപ്പക്കാട്, സീതാർകുണ്ട്, കോട്ടേക്കുളം, പാടഗിരി, തളിപ്പാടം, ചാത്തൻകോട്, വെള്ളാപ്പാറക്കുന്ന്, | 240.60 |
| | നിലമ്പൂർ നോർത്ത് | അരിമ്പ്രക്കുത്ത്, സെൻട്രൽ നഴ്സറി കോമ്പൗണ്ട് | 19.37 |
| | പാലക്കാട് | വരളിപ്പതി, നട്ടുപ്പതി, പൂളപ്പാറ, വട്ടപ്പാറ, കോതരമനക്കാട് | 564.54 |
| | നിലമ്പൂർ സൗത്ത് | വട്ടിക്കൽ, ചുരുളിപ്പൊട്ടി, പൂളക്കപ്പാറ | 88.52 |
| | മണ്ണാർക്കാട് | പൊട്ടിക്കൽ | 13.16 |

| | | | |
|---|---|---|---|
| നോർത്തേൺ സർക്കിൾ | കാസർഗോഡ് | കാട്ടിപ്പാറ, കയ്യണ്ണി, മാടത്തുംകാട്, കടുമനടുക്ക, ചീനാടി, കാട്ടിപ്പള്ളം , ഉഡ്ഡഡുക്ക , കാട്ടികജെ ബെള്ളച്ചേരി, ബളവന്തടുക്ക, കാറഡുക്ക പ്രദേശങ്ങൾ | 128.99 |
| | സൗത്ത് വയനാട് | പാറത്തോട് കൊഞ്ചേരിക്കുന്ന് കൊച്ചുമല പ്രദേശങ്ങൾ. | 73.01 |
| | കണ്ണൂർ | കണ്ണൂർ റെയിഞ്ച് | 10.00 |
| ഫീൽഡ് ഡയറക്ടർ പ്രൊജക്ട് ടൈഗർ, കോട്ടയം | മൂന്നാർ വന്യജീവി ഡിവിഷൻ | ഷോല നാഷണൽ പാർക്ക് റെയിഞ്ചിലെ നെടുവാർപ്പ് , ബന്തർ പ്രദേശങ്ങൾ. | 140.00 |
| ഫീൽഡ് ഡയറക്ടർ, പാലക്കാട് | വയനാട് വന്യജീവി സങ്കേതം | അധിനിവേശ സസ്യങ്ങളെ പിഴുതമാറ്റി സ്വാഭാവിക വനം ഉണ്ടാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചുവരുന്നു. | 3173.00 |
| ആകെ | | | 5585.57 |
| പരിസ്ഥിതി പുനസ്ഥാപന പ്രവർത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ | | | |
| ഹൈറേഞ്ച് സർക്കിൾ | കോതമംഗലം | 1996 അൽബീസിയത്തോട്ടം, 1947 തേക്കുതോട്ടം, 1948 തേക്കുതോട്ടം, മീൻമുട്ടി തോട്ടാപ്പുര, പോത്തുമറ്റം 2004 മാഞ്ചിയം തോട്ടം വേളൂർ പച്ചില തേക്കോടം, നെടുവക്കാട് പ്രദേശങ്ങൾ | 403.87 |
| സെൻട്രൽ സർക്കിൾ | ചാലക്കുടി | 2013 പുല്ലുമുടി, 2008 കാവനാട്, 2010 ആറേശ്വരം എന്നീ തോട്ടങ്ങൾ | 33.22 |
| | മലയാറ്റൂർ | കോട്ടപ്പാറ | 155.32 |
| ഈസ്റ്റേൺ സർക്കിൾ | മണ്ണാർക്കാട് | തത്തേങ്ങലം , മുളകുവള്ളം , കൊല്ലൻകടവ് , ഉുവ, ഷോളയൂർ കുളക്കൂർ വെളിങ്ങകൽമുക്ക് കടമ്പാറ, വെള്ളാംകുളം, കോട്ടമല, ചാലയൂർ, പച്ചമല, സിങ്കപ്പാറ | 377.05 |
| | നെന്മാറ | ചപ്പക്കാട്, ചെമ്മണാം പതി, പൂതമല, തൊട്ടുക്കാട്, ചാത്തങ്കോട് പാടഗിരി | 159.90 |
| | നിലമ്പൂർ നോർത്ത് | വടപുരം, പൂച്ചകുത്ത്, തണുപ്പൻചോല വെള്ളക്കട്ട | 20.75 |
| | നിലമ്പൂർ സൗത്ത് | മണ്ണാർമല, ഇമൻകാട് പാലമല | 57.62 |
| | പാലക്കാട് | ചൊവ്വല്ലൂർമനക്കാട്, ഇടമല, ഒട്ടവൻകാട്, പനമ്പുള്ളി എട്ടപ്പകുളം | 186.38 |

| | | | |
|---|---|---|---|
| നോർത്തേൺ സർക്കിൾ | സൗത്ത് വയനാട് | ചെതലത്ത് റെയ്ഞ്ചിൽ 1959 കുറിച്ചിപ്പട്ട തേക്ക് പ്ലാന്റേഷൻ | 17.30 |
| | നോർത്ത് വയനാട് | തിരുനെല്ലി ഭാഗത്തു ലന്താന നീക്കം ചെയ്യുന്നതിനുള്ള പദ്ധതി | 50.00 |
| | കോഴിക്കോട് | മരുതിലാവിൽ 2001 അക്കേഷ്യ തോട്ടം 1993 യൂക്കാലിപ്റ്റസ് തോട്ടം | 15.00 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | തിരുവനന്തപുരം<br>വൈൽഡ് ലൈഫ് | കോട്ടൂർ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ച് അക്കേഷ്യ തോട്ടം മുറിച്ചുമാറ്റി സ്വാഭാവിക വനമായും പുൽമേട്ടുകളുമാക്കി മാറ്റുന്നതിന് വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരുന്നു. | 27.90 |
| ഫീൽഡ് ഡയറക്ടർ, പാലക്കാട് | സൈലന്റ് വാലി നാഷണൽ പാർക്ക് | ഭവാനി റെയിഞ്ചിൽ യൂക്കാലിപ്റ്റസ് മരങ്ങൾ മുറിച്ചുമാറ്റി തദ്ദേശ ഇനം സസ്യങ്ങൾ<br>വച്ചുപിടിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരുന്നു. | 51.39 |
| ആകെ | | | 1555.70 |